LIBRARY ARCHIVES Kerala Legislative Assembly

(18) പുതിയ അണക്കെട്ട് നിർമ്മാണം

ശ്രീ. സി. പി. മുഹമ്മദ് : സർ, കേരളത്തിലെ ജനങ്ങൾ മുല്ലപ്പെരിയാറിൽ ഒരു പുതിയ അണക്കെട്ട് വരുമെന്നുള്ള പ്രതീക്ഷയിലായിരുന്നു. പക്ഷെ ഇതിനെ ആശങ്കപ്പെടുത്തുന്ന സംഭവ വികാസങ്ങളാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ മുപ്പത് കിലോമീറ്റർ അടുത്തുവരെ ഭൂചലനം ഉണ്ടായി. ഇപ്പോഴും തുടർ ഭൂചലന ഭീഷണിയുണ്ട്. കണ്ണമ്പടി വെള്ളക്കാനത്തും മൂലമറ്റം പവർ ഹൗസിന് സമീപവും കോന്നിയിലും ഭൂചലനമുണ്ടായി. കേന്ദ്ര സംഘം വരുന്നതിനു മുൻപായി തമിഴ്നാട് സംഘം അണക്കെട്ടിന്റെ വിള്ളലുകൾ പെയിന്റടിച്ച് മറയ്ക്കുകയാണ് ചെയ്തത്. ഡാമിന് 585 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി കേരളം ഈ ഉന്നതാധികാര സമിതിയെ അറിയിക്കുകയുണ്ടായി. റൂർക്കി ഐ. ഐ. ടി. യിലെ പഠനസംഘം ഭൂകമ്പമുണ്ടായാൽ മുല്ലപ്പെരിയാർ അണക്കെട്ട് തകരുമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു കഴിഞ്ഞു. കേന്ദ്ര ദുരന്ത നിവാരണ സേനയും ഈ അപകടത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു. തമിഴ്നാടിന് മുല്ലപ്പെരിയാറിലൂടെ 590 കോടി രൂപയുടെ വരുമാനം ലഭിക്കുന്നുണ്ട്. കേരളത്തിന് പത്ത് ലക്ഷം രൂപ മാത്രമാണ് ലഭിക്കുന്നത്. തമിഴ്നാടിന്റെ വാദങ്ങൾക്ക് പിന്നാലെ കേരള സമിതിയിലെ ചിലരും പങ്ക് ചേർന്നതായി മാതൃഭൂമിയുടെ 3-11-2010-ന്റെ ഒരു റിപ്പോർട്ടിൽ പറയുന്നു. നിലവിലുള്ള അണക്കെട്ട് തകർന്നാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഡാം ബ്രേക്കിംഗ് അനാലിസിസ് നടത്താൻ സുപ്രീം കോടതിയുടെ ഉന്നതാധികാര സമിതി നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇതിന്റെ പിന്നിൽ ഒരു അപകടം ഒളിഞ്ഞിരിക്കുന്നുണ്ട്. മലയാള മനോരമ ഇന്ന് ഇതിനെ സംബന്ധിച്ച് ബലപ്പെടുത്തലിനെപ്പറ്റി മാത്രമാണ് പറഞ്ഞിരിക്കുകയാണ്. കാരണം അണക്കെട്ട് വരാൻ താമസം പിടിക്കും. കേന്ദ്ര ഗവൺമെന്റിന്റെ പരിസ്ഥിതി മന്ത്രാലയത്തിന്റെയെല്ലാം ക്ലിയറൻസും ഡിസൈനിംഗും പൂർത്തിയാക്കാൻ ഒരുപാട് സമയമെടുക്കും,. അതിനുമുൻപ് അണക്കെട്ട് തകർന്നാൽ എന്താകുമെന്നാണ് ഈ ഉന്നതാധികാര സമിതിയിലെ ഒരാൾ ചോദിച്ചിരിക്കുന്നത്. അതുകൊണ്ട് അണക്കെട്ട് ബലപ്പെടുത്തണം എന്ന് കേരളം പറഞ്ഞുകഴിഞ്ഞാൽ ഡാം വേണ്ട എന്ന വാദമായി അത് വ്യാഖ്യാനിക്കപ്പെടും. ഇങ്ങനെയുള്ള ആശങ്കയാണ് ഉന്നതാധികാര സമിതി വന്നതിനുശേഷം ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി കേരള സർക്കാർ ഉണർന്ന് പ്രവർത്തിക്കണം. കേരളത്തിലെ മുന്ന് ജില്ലകളിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനും സ്വത്തിനും അപകട ഭീഷണി ഉയർത്തുന്ന ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, മുല്ലപ്പെരിയാർ ഡാമിന്റെ പ്രൊബബിൾ മാക്സിമം ഫ്ളഡ് ആന്റ് ഫ്ളഡ് റൂട്ടിംഗ് സ്റ്റഡീസിനെ സംബന്ധിച്ച് ഡൽഹി ഐ.ഐ.ടി-യിലെ. ഡോ. ഗോസെയ്നിന്റെ പഠന റിപ്പോർട്ടിൽ മുല്ലപ്പെരിയാർ ഡാം ഹൈഡ്രോളജിക്കലി അൺസേഫ് ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിനെ

സംബന്ധിച്ച് ഐ.ഐ.ടി. റൂർക്കിയുടേയും 2009-ലെ സെസ്മിക് സ്റ്റെബിലിറ്റി ഓഫ് മുല്ലപ്പെരിയാർ കോമ്പസിറ്റ് ഡാം പാർട്ട് I & II-ന്റേയും റിപ്പോർട്ട് പ്രകാരം Based on the analysis both main Mullapperiyar dam and baby dam are likely to undergo damages. It may leads to failure under static plus..... earthquake conditions and therefore needs serious attention. എന്ന് പ്രസ്താവിച്ചിട്ടുണ്ട്. 2007-08 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് അവതരണ വേളയിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി മുല്ലപ്പെരിയാറിൽ നിലവിലുള്ള അണക്കെട്ടിന് പകരമായി പുതിയ അണക്കെട്ട് നിർമ്മിക്കാനുള്ള തീരുമാനം പ്രഖ്യാപിച്ചു. തുടർന്ന് പുതിയ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പഠനവേക്ഷണത്തിനായി കുമളി ആസ്ഥാനമായി ഒരു സബ്ഡിവിഷൻ രൂപീകരിക്കാൻ ഗവൺമെന്റ് അനുമതി നൽകി. കുമളിയിലെ നിർദ്ദിഷ്ട സബ്ഡിവിഷൻ ഓഫീസ് 19-11-2007-ൽ ഉദ്ഘാടനം ചെയ്തു. അണക്കെട്ടിന്റെ പഠനവേക്ഷണത്തിനായി ഒരുകോടി മുപ്പത്തിയൊന്ന് ലക്ഷത്തി ഇരുപത്തയ്യായിരം രൂപയ്ക്കുള്ള ഭരണാനുമതി നൽകി. നിർദ്ദിഷ്ട അണക്കെട്ടിന്റെ താഴെയ്ക്കുള്ള ഭാഗം പെരിയാർ ടൈഗർ റിസർവ്വ് വനത്തിനകത്താണ്. ഈ ഭാഗം സർവ്വേ നടത്തുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 16-11-2009-ൽ നടന്ന പതിനാറാം സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ വച്ച് അനുമതി നൽകുകയുണ്ടായി. പെരിയാർ ടൈഗർ റിസർവ്വിന് പുറത്തുള്ള ഏഴ് കിലോമീറ്റർ റിവർ സർവ്വേ 08/2009-ൽ പൂർത്തിയായി. പെരിയാർ ടൈഗർ റിസർവ്വിന് അകത്തുള്ള ഭാഗത്തെ റിവർ സർവ്വെ 30-5-2010-ൽ പൂർത്തിയായി. പുതിയ ഡാമിന്റെ അലൈൻമെന്റും പഴയ ഡാമിൽനിന്ന് 366 മീറ്റർ താഴെയായി കണ്ടെത്തി. അലൈൻമെന്റിൽ ബോർഹോൾസ് എടുക്കുന്നതിന് സർക്കാർ എൽ.ബി.എസ്-ന് അനുമതി നൽകി. അഞ്ച് ബോർഹോൾസ് എൽ.ബി.എസ്. പൂർത്തിയാക്കി. കൂടാതെ റോക്ക് സാമ്പിൾസ് പരിശോധിക്കുകയും ചെയ്തു. എന്നാൽ ബോർഹോൾസ് എക്സ്പ്ലൊറേഷൻ സമയത്ത് സന്നിഹിതരായിരുന്ന ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയിലെ വിദഗ്ദ്ധർ ഇപ്പോൾ നടത്തിയ അഞ്ച് ബോർഹോൾസ് കൂടാതെ പത്ത് ബോർഹോൾസ് കൂടി എടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ജോലിയും ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. ഇതുവരെ ലഭിച്ച വിവരങ്ങൾ വച്ച് പുതിയ ഡാമിന്റെ രൂപകൽപ്പന ചെയ്തു. കരട് ഡി.പി.ആർ., ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി. തയ്യാറാക്കിയ കരട് ഡി.പി.ആർ-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മെയ് മാസത്തിനകം അന്തിമ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഡാംസെക്ഷൻ സംബന്ധിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് സ്പിൽവേയുടേയും മറ്റ് ഭാഗത്തും ബോർഹോൾ എടുക്കേണ്ടതായി വരും. കൂടാതെ മോഡൽ സ്റ്റഡിയും ഡാംബ്രേക്ക് അനാലിസിസും ചെയ്യേണ്ടതായിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച കേസ്സ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം രൂപീകൃതമായ എംപവേർഡ് കമ്മിറ്റി മുമ്പാകെയും പുതിയ ഡാം നിർമ്മിക്കേണ്ടതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യകതയും നിർദ്ദേശങ്ങളും കാര്യക്ഷമതയോടെ അവതരിപ്പിച്ച് കേരളത്തിന് അനുകൂലമായ തീരുമാനം നേടിയെടുക്കുന്നതിനുള്ള പരിശ്രമങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്നു എംപവേർഡ് കമ്മിറ്റിയുടെ വിസിറ്റ് കഴിഞ്ഞ ആഴ്ചയിൽ നടന്നു. എംപവേർഡ് കമ്മിറ്റി ഡാമും സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ച പുതിയ ഡാമിന്റെ സൈറ്റ് ലൊക്കേഷൻ അടക്കമുള്ളവ പരിശോധിച്ചുവെന്നുള്ളത് തീർച്ചയായും സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. ജനുവരി മാസം 7-ാം തീയതി എംപവേർഡ് കമ്മിറ്റിയുടെ വിസിറ്റിന് ശേഷമുള്ള മീറ്റിംഗ് ഡൽഹിയിൽ ചേരുന്നുണ്ട്. ഈ കാര്യത്തെ സംബന്ധിച്ചുള്ള നിരവധി കാര്യങ്ങൾ കേരളത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ കേരളം വളരെ സ്പെസിഫിക്കായി എംപവേർഡ് കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത് റിപ്പയേഴ്സ് ആന്റ് മെയിന്റനൻസ് കൊണ്ട് ഡാം സ്ട്രെങ്തൻ ചെയ്യാനുള്ള നീക്കങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അത് ഒരു കാരണവശാലും കേരളത്തെ സംബന്ധിച്ച് അംഗീകരിക്കാൻ കഴിയുന്നതല്ല, 115 വർഷത്തെ പഴക്കമുള്ള ഡാം ഇനിയും റിപ്പെയർ ആന്റ് മെയിന്റനൻസിന്റെ പ്രൊപ്പോസലുമായി മുന്നോട്ടുവന്നാൽ അത് സ്വീകരിക്കാൻ കഴിയുന്നതല്ല, പുതിയ ഡാം അല്ലാതെ മറ്റൊരു പോംവഴിയുമില്ല എന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ ബഡ്ജറ്റിൽതന്നെ അത് അനൗൺസ് ചെയ്തു. അതിന്റെ ഇൻവെസ്റ്റിഗേഷൻ, സർവ്വേ, ഡി.പി.ആർ. എന്നീ പ്രക്രിയ പൂർത്തിയായ സ്ഥിതിക്ക് വരുന്ന സാമ്പത്തിക വർഷം ഡാം നിർമ്മാണത്തിന് ആവശ്യമായ തുക ഉൾപ്പെടുത്തിക്കൊണ്ട് നിർമ്മാണ പ്രക്രിയയുമായി മുന്നോട്ടു പോകാനാണ് ഗവൺമെന്റ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

<u>ശ്രീ. സി.പി. മുഹമ്മദ്</u> : സർ, ...

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : സംസാരിച്ചത് മതി.....സബ്മിഷനാണ്. ചോദ്യോത്തര വേളയല്ല. വിശദമായി പറഞ്ഞല്ലോ.

<u>ശ്രീ. സി.പി. മുഹമ്മദ്</u> : ഈ അണക്കെട്ട് വരുന്നതിനുമുമ്പ് തകർന്നാൽ എന്തു ചെയ്യുമെന്ന് ഡി.പി.ആർ. സമിതിയിലെ ഒരാൾ ചോദിച്ചിരിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പത്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ പരസ്പരം സംസാരിച്ചാൽ മതി.

<u>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ</u> : സർ, ഈ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്. അതാണ് ശ്രീ. സി. പി. മുഹമ്മദ് സൂചിപ്പിച്ചത്. ഇതിൽ മാധ്യമ റിപ്പോർട്ടുകളിൻമേൽ കമന്റ് ചെയ്യാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ ദിവസം മാതൃഭൂമിയിലും ഇതുസംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു വാർത്ത വന്നു. അതുപോലെ ദിനപത്രങ്ങളിൽ ദിനംപ്രതി ഇതുമായി ബന്ധപ്പെട്ട വാർത്തകൾ വരുന്നുണ്ട്. സുപ്രീം കോടതിയുടേയും എംപവേർഡ് കമ്മിറ്റിയുടേയും പരിഗണനയിലിരിക്കുന്ന വിഷയം എന്ന നിലയിൽ അത്തരം കാര്യങ്ങളിലൊന്നും ഗവൺമെന്റ് പ്രതികരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ എംപവേർഡ് കമ്മിറ്റിയുടെയും സുപ്രീം കോടതിയുടെയും മുമ്പാകെ സ്റ്റേറ്റ് ഗവൺമെന്റ് സമർപ്പിച്ചിട്ടുള്ള ഗവൺമെന്റ് നിലപാട് റിപ്പെയർ ആന്റ് മെയിന്റനൻസുകൊണ്ട് ഈ ഡാം സുരക്ഷിതമാക്കാൻ കഴിയില്ല എന്നതാണ്. ഇനിയൊരു കോൺക്രീറ്റ് ബാക്കിംഗോ ഗ്രൗട്ടിംഗോ കേബിൾ ആങ്കറിംഗോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള സേഫ്റ്റി മെഷേഴ്സ് മുഖാന്തിരമോ ഈ ഡാം റിപ്പെയർ ചെയ്ത് മെയിന്റയിൻ ചെയ്യാൻ കഴിയില്ല അതുകൊണ്ടാണ് പുതിയ ഡാം എന്ന പ്രൊപ്പോസലിലേയ്ക്ക് വന്നിട്ടുള്ളത്. പുതിയ ഡാം എന്ന പ്രൊപ്പോസൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചില്ലെങ്കിൽപ്പോലും, അതിന്റെ സൈറ്റ് ലൊക്കേഷൻ പ്ലാൻ അടക്കമുള്ളവ നേരിൽപ്പോയി കണ്ട് അതിന്റെ സാധ്യതകളെ സംബന്ധിച്ച് എംപവേർഡ് കമ്മിറ്റി പരിശോധിച്ചു വരികയാണ്. അതുകൊണ്ട് മാധ്യമ റിപ്പോർട്ടുകളിൻമേൽ ഇപ്പോൾ ഗവൺമെന്റ് പ്രതികരിക്കുന്നത് ശരിയല്ല.

(19) കൊരട്ടി ടൗൺ വികസനം

ശ്രീ. ബി. ഡി. ദേവസ്സി : സർ, എന്റെ നിയോജക മണ്ഡലത്തിൽ ചാലക്കുടിക്കും അങ്കമാലിക്കും ഇടയിലായി എൻ.എച്ച്. 47-ൽ സ്ഥിതി ചെയ്യുന്ന പ്രധാനപ്പെട്ട പട്ടണമാണ് കൊരട്ടി. വൈഗാ ത്രെഡ്സ്, ഇൻഫോ പാർക്ക്, കിൻഫ്രാ പാർക്ക്, ഗവൺമെന്റ് ഓഫ് ഇൻഡ്യാ പ്രസ്സ് തുടങ്ങി നിരവധി സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നത് ഈ പട്ടണത്തോട് ചേർന്നാണ്. എൻ.എച്ച്. 47-ന്റേയും കൊരട്ടി റയിൽവേ ഓവർബ്രിഡ്ജിന്റേയും പണി നടക്കുന്നതിന്റെ ഭാഗമായി കൊരട്ടി ടൗണിലെ ഭൂരിഭാഗം കച്ചവട സ്ഥാപനങ്ങളും പൊളിച്ചു മാറ്റുകയുണ്ടായി. ടാക്സി സ്റ്റാന്റ്, ഓട്ടോറിക്ഷാ സ്റ്റാന്റ്, ബസ് പാർക്കിംഗ് ഏരിയ എന്നിവയും നഷ്ടപ്പെട്ടു. എൻ.എച്ച്. 47-നേയും എൻ.എച്ച്.17-നേയും ബന്ധിപ്പിക്കുന്ന കൊരട്ടി റയിൽവേ ഓവർബ്രിഡ്ജിന്റെ പണി പൂർത്തീകരിക്കുന്നതോടുകൂടി പട്ടണത്തിലെ ഗതാഗതവും മറ്റ് തിരക്കുകളും ക്രമാതീതമായി വർദ്ധിക്കും. ആയതുകൊണ്ട് വൈഗാ ത്രെഡ്സ് കമ്പനി നിലവിൽ ഉപയോഗിക്കാതെയിട്ടിരിക്കുന്ന സ്ഥലത്തുനിന്നും ബസ് സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, കംഫർട്ട് സ്റ്റേഷൻ, പാർക്കിംഗ് പ്ലേസ് എന്നിവ നിർമ്മിക്കുന്നതിന് അടിയന്തിരമായി സ്ഥലം കൊരട്ടി ഗ്രാമപഞ്ചായത്തിന് സൗജന്യമായി വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ഇന്ന് കൊരട്ടി പഴയകാല പ്രതാപത്തിലേക്ക് തിരിച്ചുവരികയാണ്. വളരെയധികം വ്യവസായ സ്ഥാപനങ്ങളുള്ളതും ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തിരുന്നതുമായ സ്ഥലമാണ് കൊരട്ടി. പിന്നീട് അത് തകർന്ന് തകർന്ന് ഇവിടെ സൂചിപ്പിക്കപ്പെട്ട വൈഗ ത്രെഡ്സ് എന്നുപറയുന്ന പഴയ കൊരട്ടി മിൽ ഏതാണ്ട് 200-ഓളം തൊഴിലാളികൾ മാത്രമുള്ള സ്ഥാപനമായി ചുരുങ്ങിവന്നു. ഗവൺമെന്റ് 84.85 ഏക്കർ ഭൂമിയാണ് 99 വർഷത്തേക്ക് മെസേഴ്സ് വൈഗാ ത്രെഡ്സ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിരുന്നത്. ആ സ്ഥാപനത്തിൽ വളരെ കുറച്ച് തൊഴിലാളികളാണുള്ളത്. കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly